# Press Release

**VARKEY CARDINAL VITHAYATHIL**
MAJOR ARCHBISHOP OF ERNAKULAM - ANGAMALY

**Fr. Paul Thelakat**
Spokesperson

Syro-Malabar Synod
Ph: Off: 2401635, 2402548
Res: 2352906, 2352629
Mob:9387074506

## അനുശോചനം

ആർച്ച്ബിഷപ് ഡാനിയേൽ അച്ചാരുപറമ്പിലിന്റെ നിര്യാണത്തിൽ സീറോ-മലബാർ സഭയുടെ പേരിൽ അഗാധമായ അനുശോചനം ഞാൻ അറിയിക്കുന്നു. ദൈവം ഏല്പിച്ച ഉത്തരവാദിത്വങ്ങളുടെ നിർവഹണത്തിലൂടെ ജീവിതം ഒരു ജപമാലയാക്കിയ വിശ്വസ്ത ദാസനായിരുന്നു ആർച്ച്ബിഷപ് അച്ചാരുപറമ്പിൽ. അദ്ദേഹത്തിന്റെ ആത്മാവിനു നിത്യശാന്തി നേരുന്നു.

+ Varkey Vithayathil

**Varkey Cardinal Vithayathil**
Major Archbishop Syro-Malabar Church

Ernakulam,
26th October, 2009

# Press Release

Malayala Manorama

**Fr. Paul Thelakat**
Spokesperson
Syro-Malabar Synod
Ph: Off: 2401635, 2402548
Res: 2352906, 2352629
Mob:9387074506

**VARKEY CARDINAL VITHAYATHIL**
MAJOR ARCHBISHOP OF ERNAKULAM - ANGAMALY

## ജീവിതം സ്നേഹജപമാലയാക്കിയ വിശ്വസ്ത ദാസനു പ്രണാമം

മരണം പാർത്തു കഴിഞ്ഞ വിവേകിയും വിശ്വസ്തനുമായ ദൈവദാസനായിരുന്നു ആർച്ച്ബിഷപ് ഡാനിയേൽ അച്ചാരുപറമ്പിൽ. മരണം മുന്നിൽക്കണ്ട് അദ്ദേഹം ജീവിക്കാൻ തുടങ്ങിയിട്ടു കുറേ വർഷങ്ങളായി. ഈ ഗൗരവമായ രോഗാവസ്ഥ അദ്ദേഹത്തിൽ കാര്യമായ മാറ്റമൊന്നും ഉണ്ടാക്കിയതായി പലരും ശ്രദ്ധിച്ചിട്ടില്ല. തന്റെ ഉത്തരവാദിത്വത്തിന്റെ അനുദിന നടപടികൾ അദ്ദേഹം ആവർത്തിച്ചുകൊണ്ടിരുന്നു. എങ്കിലും സൂക്ഷ്മമായി നിരീക്ഷിക്കുന്നവർക്ക് ഒരു കാര്യം ശ്രദ്ധിക്കാൻ കഴിയുന്നതായിരുന്നു.

രോഗിയായതോടെ അദ്ദേഹത്തിന്റെ ഗൗരവപ്രകൃതിയിൽ കാര്യമായ അയവു വന്നു. സ്വന്തം രോഗത്തെയും അദ്ദേഹത്തിന്റെ ഭരണപരമായ പ്രശ്നങ്ങളെയും വലിയ ലാഘവത്തോടെ സരസമായി അദ്ദേഹം വീക്ഷിക്കുന്നതു കാണാമായിരുന്നു. അദ്ദേഹം കുറെയൊക്കെ ഫലിതപ്രിയനുമായി. മരണം പാർത്ത മനുഷ്യൻ വെയിറ്റ് കുറഞ്ഞവനും എല്ലാററിലും സ്നേഹത്തിന്റെ ലഘുപ്രകൃതനുമായി.

43 വർഷക്കാലം കർമ്മലീത്ത സന്ന്യാസിയും വൈദികനുമായി ജീവിച്ച അദ്ദേഹത്തെക്കുറിച്ച് അകലെനിന്നു ഞാൻ വീക്ഷിച്ചിട്ടുണ്ട്. ജീവിതം അദ്ദേഹത്തിന് ആവർത്തനത്തിന്റെ ഒരു ജപമാലയായിരുന്നു. മുപ്പതു കൊല്ലക്കാലം ഏതാണ്ട് ആറു യൂണിവേഴ്സിറ്റികളിൽ മാറിമാറി പഠിപ്പിച്ചു; പതിമൂന്നു വർഷക്കാലം ആർച്ച്ബിഷപ്പായിരുന്നു. ഈ കാലങ്ങളിലെല്ലാം അദ്ദേഹത്തിന്റെ ജീവിതത്തെ തികഞ്ഞ സമയനിഷ്ഠയനുസരിച്ചുള്ള കൃത്യനിർവഹണത്തിന്റെ ആവർത്തനവർഷങ്ങളാക്കി. പഠിപ്പിക്കലും സഭാനേതൃത്വത്തിന്റെ അജപാലനവും ഒന്നുപോലെ ഏല്പിച്ച ഉത്തരവാദിത്വങ്ങളുടെ നിർവഹണത്തിന്റെ ആവർത്തനമായിരുന്നു.

ആവർത്തിച്ചതു ദൈവം ഏല്പിച്ച ഉത്തരവാദിത്വങ്ങളുടെ വിശ്വസ്തമായ നിർവഹണമായിരുന്നു. ചെറിയ കാര്യങ്ങളിൽ വിശ്വസ്തനായി വലിയ കാര്യങ്ങളുടെ മനുഷ്യനായി അദ്ദേഹം മാറി. എല്ലാം അദ്ദേഹത്തിനു ദൈവത്തോടുള്ള സ്നേഹത്തിന്റെ ആവർത്തനം മാത്രമായിരുന്നു. ജീവിതം സ്നേഹത്തിന്റെ ആവർത്തനമാക്കുന്നവരാണു ഭാഗ്യവാന്മാർ. അനുദിനം ദൈവസ്നേഹത്തിന്റെ

ആവർത്തനജപമാല കൊരുത്ത ജീവിതമായിരുന്നു അത്. സ്വർഗം തന്നെ സ്നേഹത്തിന്റെ ആവർത്തനവേദിയാണല്ലോ.

ഇങ്ങനെ ജീവിതത്തെ സ്നേഹമാല്യമാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞത് അദ്ദേഹത്തിന്റെ കർമ്മലീത്ത സന്ന്യാസപാരമ്പര്യമാണ്. ആ പാരമ്പര്യത്തിലെ കുരിശിന്റെ വി. യോഹന്നാന്റെ കാവ്യം അദ്ദേഹം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം നീണ്ട വർഷങ്ങൾ പഠിപ്പിച്ച ഭാരതീയ മിസ്റ്റിസസത്തിലും കാണാവുന്ന ഈ ജീവിതവീക്ഷണം അദ്ദേഹം സ്വന്തമാക്കി. മിസ്റ്റിക്കായ കുരിശിന്റെ യോഹന്നാൻ എഴുതി:

> "സന്തോഷത്തിന്റെ ആ രാത്രിയിൽ
> ആരും എന്നെ കാണാത്തതും ഞാൻ ആരെയും
> കാണാത്തതുമായ ആ രഹസ്യരാത്രിയിൽ
> വിളക്കോ വഴികാട്ടിയോ ഇല്ലാതെ
> എന്റെ ഹൃദയത്തിൽ കത്തുന്ന
> ആ വെളിച്ചം എന്നെ നയിച്ചു.
> നട്ടുച്ചയ്ക്ക് എന്നതിനേക്കാൾ വ്യക്തതയോടെ
> ആ സ്ഥലത്തേയ്ക്ക് - അവൻ എന്നെ കാത്തിരിക്കുന്നിടത്തേയ്ക്ക്
> അവിടെ വേറെ ആരുമില്ലായിരുന്നു."

ആത്മാവിന്റെ ഇരുണ്ട രാത്രിയിൽ സ്നേഹത്തിന്റെ ആവർത്തനത്തിന്റെ ജപമാലയുമായി ഈശ്വരസന്നിധിയിൽ എത്തിയ വിശ്വസ്തന് എന്റെ പ്രണാമം.

+ Varkey Vithayathil

**Varkey Cardinal Vithayathil**
Major Archbishop Syro-Malabar Church

Ernakulam,
26th October, 2009

Mathrubhumi

VARKEY CARDINAL VITHAYATHIL
MAJOR ARCHBISHOP OF ERNAKULAM - ANGAMALY

**Fr. Paul Thelakat**
Spokesperson

Syro-Malabar Synod
Ph: Off: 2401635, 2402548
Res: 2352906, 2352629
Mob:9387074506

# ഉത്തരവാദിത്വബോധത്തിന്റെ ആൾരൂപം

കാലം ചെയ്ത അച്ചാരുപറമ്പിൽ പിതാവ് തന്നെ ഏല്പിച്ച ഉത്തരവാദിത്വങ്ങൾ വളരെ വിശ്വസ്തതാപൂർവം നിർവഹിച്ചു കടന്നുപോയ ഒരു ദൈവദാസനായിരുന്നു. അദ്ദേഹത്തെ സാധാരണക്കാർ പരമ്പരാഗതമായ ഒരു സഭാദ്ധ്യക്ഷനും സ്നേഹനിധിയായ പിതാവുമായിട്ടാണു കണ്ടിരുന്നത്. 13 കൊല്ലക്കാലം ലത്തീൻ കത്തോലിക്കരുടെ ആർച്ചുബിഷപ്പാകുന്നതിനുമുമ്പു മൂന്നു പതിറ്റാണ്ടുകാലം അദ്ദേഹം ഇറ്റലിയിലെ ആറു യൂണിവേഴ്സിറ്റികളിൽ പഠിപ്പിച്ചിരുന്നു. ഭാരതീയദർശനങ്ങൾ, അരിവന്ദഘോഷ്, മഹാത്മാഗാന്ധി എന്നീ വിഷയങ്ങളായിരുന്നു അദ്ദേഹത്തിന്റെ പാണ്ഡിത്യത്തിന്റെ മേഖലകൾ. ക്രൈസ്തവ ഭാരതീയ മിസ്റ്റിസിസം കർമ്മലീത്താ സന്ന്യാസിയായിരുന്ന അദ്ദേഹത്തിന്റെ പ്രത്യേക താത്പര്യവി ഷയമായിരുന്നു. അതിനെക്കുറിച്ച് അദ്ദേഹം ഗ്രന്ഥരചനയും നടത്തിയിട്ടുണ്ട്. ഭാരതത്തിന്റെ ബഹുസ്വരസമൂഹത്തിൽ ഇവിടത്തെ മതപാരമ്പര്യങ്ങൾ സ്വയംന്യായീകരണത്തിന്റെ വാഗ്വാദസമീപനത്തേക്കാൾ പരസ്പരാദരവിന്റെ സംഭാഷണമാർഗം അനുധാവനം ചെയ്യണമെന്ന് ഉറച്ചു വിശ്വസിച്ച വ്യക്തിയായിരുന്നു ആർച്ച്ബിഷപ്.

എന്നാൽ ഇത്തരം സംഭാവനകൾ കേരളത്തിൽ ആർച്ച്ബിഷപ്പായി വന്നതിനുശേഷം കേരളീയർക്കു നല്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല എന്നാണു തോന്നിയിട്ടുള്ളത്. കാരണം, അറുപതിനോടടുത്ത പ്രായത്തിലാണ് അദ്ദേഹം ഇവിടെ മെത്രാനായി വന്നത്. അധികം കഴിയാതെ അദ്ദേഹം രോഗിയുമായി. അതോടെ പരിമിതമായ ഊർജ്ജവും സമയവും തന്നെ ഏല്പിച്ച ജനങ്ങളുടെ പ്രശ്നങ്ങളിൽ വ്യാപൃതനായി ചെലവഴിക്കാനാണ് അദ്ദേഹം തീരുമാനിച്ചത്. വികസനത്തിന്റെ പേരിൽ വേരു പറിക്കപ്പെട്ട ഒരു ജനതയുടെ പ്രതിസന്ധികൾ അദ്ദേഹത്തിനു നേരിടേണ്ടിവന്നു. സാമൂഹികസംഘർഷങ്ങളില്ലാതെ ലത്തീൻ കത്തോലിക്കരുടെ സാമൂഹികവും

വിദ്യാഭ്യാസപരവും ആത്മീയവുമായ കാര്യങ്ങളിൽ അദ്ദേഹം ശ്രദ്ധിച്ചു. അദ്ദേഹത്തിന്റെ തിരോധാനം ആ സമൂഹത്തിന് ഒരു വലിയ നഷ്ടമാണ്. അതുപോലെ മറ്റു സമൂഹങ്ങളും സഭകളുമായി നല്ല ബന്ധം അദ്ദേഹം കാത്തുസൂക്ഷിച്ചു.

എല്ലാററിലുമുപരിയായി ഈശ്വരൻ ഏല്പിച്ച എല്ലാ ഉത്തരവാദിത്വങ്ങളും വളരെ വിശ്വസ്തമായി നിർവഹിച്ച ഒരു നല്ല മനുഷ്യനായിരുന്നു അച്ചാരുപറമ്പിൽ പിതാവ്. അതിലുപരി ഒരു നല്ല കർമ്മലീത്താ സന്ന്യാസിയായിരുന്നു. കർമ്മലീത്ത ആത്മീയതയുടെ ആചാര്യനായ കുരിശിന്റെ വി. യോഹന്നാൻ എന്ന മിസ്റ്റിക്കിനെക്കുറിച്ചു പഠിക്കുകയും ഗ്രന്ഥം രചിക്കുകയും ചെയ്തിട്ടുണ്ട് ആർച്ച്ബിഷപ്. അദ്ദേഹത്തിന്റെ ജീവിതത്തെയും സംബന്ധിച്ച് അന്വർത്ഥമാണ് ആ മിസ്ററിക് എഴുതിയ പ്രാർത്ഥനാകാവ്യം:

"അങ്ങയുടെ സാന്നിദ്ധ്യം വെളിപ്പെടുത്തണമേ,

അങ്ങയുടെ സൗന്ദര്യദർശനം എന്നെ ഇല്ലായ്മ ചെയ്യട്ടെ

സ്നേഹരോഗത്തിനു പ്രതിവിധിയില്ല.

അങ്ങയുടെ മുഖദർശനം മാത്രമാണ് ആശ്വാസം."

+ Varkey Vithayathil

**Varkey Cardinal Vithayathil**
Major Archbishop Syro-Malabar Church

Ernakulam,
26th October, 2009